**പതിനാലാം കേരള നിയമസഭ**

**പതിനഞ്ചാം സമ്മേളനം**

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. **3523** | **20.06.2019** - ൽ മറുപടിക്ക് |
|---|---|

# സംസ്ഥാന പുനർനിർമ്മാണത്തിനായുള്ള ധനസമാഹരണം

| | **ചോദ്യം** | | **മറുപടി** |
|---|---|---|---|
| | ശ്രീ.വി.ഡി.സതീശൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) | ലോകബാങ്കിന്റെ റിപ്പോർട്ട് പ്രകാരം സംസ്ഥാന പുനർനിർമ്മാണത്തിനായി ആകെ എന്ത് തുക ആവശ്യമായി വരുമെന്നാണ് കണ്ടെത്തിയിട്ടുള്ളത്; | (എ) | ഐക്യരാഷ്ട്ര സഭ, യൂറോപ്യൻ യൂണിയൻ, ലോകബാങ്ക് എന്നിവയുടെ നേതൃത്വത്തിൽ പ്രളയാനന്തരം നടത്തിയ പഠനത്തിന്റെ റിപ്പോർട്ടായ Kerala Post Disaster Need Assessment(PDNA) പ്രകാരം പ്രളയാനന്തര പുനർനിർമാണത്തിനായി മൊത്തം 31000 കോടി രൂപ വേണ്ടിവരുമെന്നാണ് അനുമാനിക്കുന്നത് |
| (ബി) | ഇത് ഏതൊക്കെ വിധത്തിൽ സമാഹരിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്, | (ബി) | പ്രളയാനന്തര പുനർനിർമ്മാണ പദ്ധതികൾ നടപ്പാക്കുന്നതിന് ആവശ്യമായ ഫണ്ടുകൾ താഴെ പറയുന്ന വിവിധ സ്രോതസ്സുകളിൽ നിന്ന് പ്രത്യേകമായി സമാഹരിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്.<br>• സംസ്ഥാന ബജറ്റ്- ബഹുവിധ ഏജൻസികൾ (ലോകബാങ്ക്, എഡിബി മുതലായവ ഉൾപ്പെടെ), JICA, KfW മുതലായ ഏജൻസികൾ<br>• കേന്ദ്രാവിഷ്കൃത പദ്ധതികൾക്കു കീഴിൽ കൂടുതൽ വകയിരുത്തൽ |

- കേന്ദ്ര ഗവൺമെൻറ് പദ്ധതികളുടെ കീഴിൽ ഫ്ലെക്സി ഫണ്ടിന്റെ വിന്യാസം
- ക്രൗഡ് ഫണ്ടിംഗ്
- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വഴി സമാഹരണം
- NIDA വഴി നബാർഡ് ഫണ്ടിംഗ്
- ഹഡ്കോയും മറ്റു വായ്പകളും.

പ്രളയാനന്തര പുനർനിർമാണത്തിന് തുക കണ്ടെത്തുന്നതിനായി, സംസ്ഥാനത്ത് വിൽക്കപ്പെടുന്ന ചരക്ക്, സേവനങ്ങൾക്കുമേൽ ഒരു ശതമാനം സെസ്സ് അധികമായി ചുമത്തുവാൻ ഉത്തരവായിട്ടുണ്ട്. കൂടാതെ, കേരള പുനർനിർമാണ വികസന പരിപാടി (RKDP) വിവിധ ഫണ്ടിങ് ഏജൻസികൾക്കും വികസന പങ്കാളികൾക്കും മുൻപാകെ അവതരിപ്പിച്ച് പദ്ധതികൾക്ക് സഹായം ലഭ്യമാക്കാനുള്ള വികസനസംഗമം (Development Partners' Conclave) സംഘടിപ്പിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു

| | | | |
|---|---|---|---|
| (സി) | ഇതിലേക്കായി ഇതിനകം എന്ത് തുക സമാഹരിക്കുവാൻ സാധിച്ചു, വിശദാംശം ലഭ്യമാക്കുമോ? | (സി) | കേരള പുനർനിർമാണ പദ്ധതികൾക്കായി ലോകബാങ്കിൽനിന്ന് 5137.34 കോടി രൂപയുടെ(സംസ്ഥാന വിഹിതം ഉൾപ്പെടെ) വികസന നയവായ്പ (DPL), ജർമൻ ബാങ്കായ KfW ൽനിന്ന് 1458 കോടി രൂപ (സംസ്ഥാന വിഹിതം ഉൾപ്പെടെ) യുടെ വായ്പ എന്നിവ സംബന്ധിച്ച ധാരണപത്രം ഒപ്പിടുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. വായ്പയുടെ ആദ്യ ഗഡു ലഭ്യമാക്കുന്നതു സംബന്ധിച്ച മുന്നൊരുക്ക പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

**സെക്ഷൻ ഓഫീസർ**